(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) റവന്യൂ വകുപ്പിലെ വിവിധ ആഫീസുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 14 കളക്ടറേറ്റുകളും 63 താലൂക്ക് ഓഫീസുകളും ഇതിനകം കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാ റവന്യൂ ഓഫീസുകളും ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുന്നത് നയപരമായി തീരുമാനിക്കേണ്ട കാര്യമാണ്.

(സി) ഫയൽ തീർപ്പാക്കുന്നതിനായി ഫയൽ തീർപ്പാക്കൽ വാരം സംഘടിപ്പിക്കുകയും പരമാവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തു വരുന്നു. കൂടാതെ പ്രതിമാസ പ്രവൃത്തിപട്ടിക അവലോകനം നടത്തി ജില്ലാ കളക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നതിനാൽ ഫയൽ തീർപ്പാക്കലിന്റെ തോത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

റിക്കവറി നടപടികൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഉത്തരവുകൾ

14 (2770) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നിതിനുശേഷം നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഖജനാവിലേയ്ക്ക് തുക ഈടാക്കുന്നതിനുള്ള റിക്കവറി നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ മൊത്തം എത്ര കോടി രൂപ ഈടാക്കാനുള്ള നടപടികളാണ് ഇത്തരത്തിൽ സ്റ്റേ ചെയ്തത് ;

(സി) അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസുകളിൽ സ്റ്റേ നൽകുകയോ തവണകളായി അടയ്ക്കുവാൻ അനുമതി നൽകുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുകകൾക്ക് പൂർണ്ണമായ സ്റ്റേ അനുവദിച്ചിട്ടില്ല. എന്നാൽ 825 കേസ്സുകളിൽ തുക ഒടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊടുക്കുകയും 4671 കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിതര കുടിശ്ശികയിനത്തിൽ 2961 കേസ്സുകളിൽ അടവ് കാലാവധി ദീർഘിപ്പിച്ചുകൊടുക്കുകയും 22974 കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 78.81 കൊടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കോട്ടുളി, വളയനാട് വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണിയാൻ നടപടി

15 (2773) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ കോട്ടുളി, വളയനാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ വില്ലേജ് ഓഫീസുകൾ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സ്ഥലം കണ്ടെത്തി പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടുളി, വളയനാട് എന്നീ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി&സി) കോട്ടുളി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ടി വില്ലേജിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രം വക സ്ഥലത്തുനിന്നും 5 സെന്റ് ഭൂമി ലഭ്യമാക്കാൻ ശ്രമം നടത്തിവരികയാണ്. വളയനാട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണത്തിന് കോഴിക്കോട് മീൻചന്ത ബൈപാസ് റോഡിന്റെ വശത്ത് ടി. സി. 24-9-341-ൽപ്പെട്ട ഭൂമി ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭൂമി റവന്യൂ ഭൂമിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ

16 (2774) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും ഓഫീസുകൾ നിർത്തലാക്കുകയോ സ്ഥലം മാറുകയോ ചെയ്തിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly